എം.എൽ.എ. ആസ്തി വികസന സ്കീമിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ

109 (4691) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വേതനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എം.എൽ.എ.-മാരുടെ ആസ്തി വികസന സ്കീമിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ ;

(ബി) ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ തുടർ നടപടികൾ സ്വീകരിക്കുന്നതിൽ കാലതാമസം വരുത്തുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ ;

(സി) ഭരണാനുമതി ലഭിക്കുന്ന പ്രവൃത്തികൾ പ്രാവർത്തികമാക്കുന്നതിന് സമയബന്ധിതമായ നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം നൽകുമോ ;

(ഡി) വൈപ്പിൻ മണ്ഡലത്തിലെ എം.എൽ.എ. എ.ഡി.എസ്. (ആസ്തി വികസന പദ്ധതി)-ൽ ഉൾപ്പെട്ട പ്രവൃത്തികളുടെ ഭരണാനുമതി ലഭിച്ച തീയതി, ടെണ്ടർ ചെയ്ത തീയതി, നിർമ്മാണം ആരംഭിച്ച തീയതി എന്നിവ വിശദമാക്കാമോ ?

ഉത്തരം

(എ) എം.എൽ.എ. മാരുടെ ആസ്തി വികസന സ്കീമിൽ ഉൾപ്പെടുത്തി വൈപ്പിൻ നിയോജക മണ്ഡലത്തിൽ ധനാനുമതി നൽകിയിട്ടുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികളുടെ വിവരം ശേഖരിച്ചുനൽകുന്നതാണ്.

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും പ്രവൃത്തികൾ സമയബന്ധിതമായി നടപ്പാക്കുന്നതിനും ധനകാര്യ വകുപ്പിന്റെ 28-12-2012-ലെ സർക്കുലർ നമ്പർ 73/2012/ധന പ്രകാരം ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇവ കൃത്യമായി പാലിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾക്കും നിർവ്വഹണ ഏജൻസികൾക്കും കർശന നിർദ്ദേശം വീണ്ടും നൽകുന്നതുമാണ്.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly